കെ.എസ്.ആർ.ടി.സി.-യിലെ വർക്ക് അസിസ്റ്റൻറുമാർക്ക് ആനുകൂല്യങ്ങൾ

89 [2958] ശ്രീ.. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വർക്ക് അസിസ്റ്റൻറ് തസ്തികയിൽ നിയമിക്കുന്നതിന് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരായവരിൽ മൂന്ന് മാസത്തേക്ക് 500 രൂപ സ്റ്റൈപ്പൻറായും അതിനുശേഷം 110 രൂപ മാത്രം ദിവസക്കൂലി ഇനത്തിൽ നൽകുകയും ചെയ്യുന്നത് പുനപ്പരിശോധിക്കുമോ;

(ബി) സർവ്വീസ് കണക്കാക്കുമ്പോൾ ട്രെയിനിംഗ് കാലയളവ് കൂടി കണക്കാക്കുമോ;

(സി) ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് ഉടൻതന്നെ സ്ഥിരം നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മറ്റ് പല വകുപ്പുകളിലും മിനിമം വേതനം 140 രൂപ നൽകുന്നത് കെ.എസ്.ആർ.ടി.സി.-യിലും നടപ്പിലാക്കുമോ;

(ഇ) പി.എസ്.സി. മുഖേന നിയമിതരായവർക്ക് സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന അവധി ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വിഷയം കോർപ്പറേഷൻറെ പരിഗണനയിൽ ഉണ്ട്. കോർപ്പറേഷൻറെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇത് പുനഃപരിശോധിക്കുന്നതാണ്.

(ബി) നിയമനത്തിന് മുമ്പുള്ള ട്രെയിനിംഗ് കാലാവധി സർവ്വീസ് പീരിയഡിന് കണക്കാക്കുന്ന പതിവില്ല, എന്നാൽ പെൻഷൻ ആനുകൂല്യം നൽകുന്നതിന് കണക്കാക്കുന്നുണ്ട്.

(സി) കോർപ്പറേഷൻറെ സാമ്പത്തിക പ്രതിസന്ധിമൂലം ഉടൻ സ്ഥിരം നിയമനം നൽകുന്നതിന് നിർവ്വാഹമില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സാമ്പത്തിക ലഭ്യത അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഇപ്പോൾ ഇവർ ദിവസക്കൂലി ഇനത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ളതിനാൽ ടി ആനുകൂല്യങ്ങൾ അനുവദിക്കുവാൻ നിർവ്വാഹമില്ല. ഇവരെ സ്ഥിരപ്പെടുത്തുമ്പോൾ ടി ആനുകൂല്യങ്ങൾ ഇവർക്കും ലഭ്യമാകുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിലെ എം. പാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

90 [2959] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ലൂഡി ലൂയിസ്:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയുടെ കാലത്ത് കെ.എസ്.ആർ.ടി.സി.-യിലെ എം. പാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly